(ബി) ഉണ്ട്, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 24 ജീവനക്കാരെ ഇതുവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു).* കടുത്ത ശിക്ഷ ലഭിച്ച ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ചെക്ക്പോസ്റ്റുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ ചെക്ക്പോസ്റ്റുകളിലും 300 കിലോഗ്രാം വരെ ളക്കാവുന്ന വെയിംഗ് ബാലൻസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ വാളയാർ, ഗോപാലപുരം, നടുപ്പുണി, ഗോവിന്ദപുരം, മീനാക്ഷിപുരം, കൂട്ടുപുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബിൽറ്റ് ഓൺ ഓപ്പറേറ്റ് വ്യവസ്ഥയിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എ ക്ലാസ്, ബി ക്ലാസ് എന്നീ ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. വാളയാറിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ചെക്ക്പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷം മുൻകൂർ നികുതിയിനത്തിലും സെക്യൂരിറ്റി ഡെപ്പോസിറ്റിലുമായി 30-11-2014 വരെ 728.95 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ&എഫ്) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയാത്തതുകൊണ്ടു മാത്രമല്ല ചരക്കുകൾ ചെക്ക്പോസ്റ്റുവഴിയല്ലാതെ നികുതി വെട്ടിച്ച് കടത്തുന്നത്. ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായ ഊടുവഴികളിലൂടെ സാധനങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ടിയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടിയും വാണിജ്യ നികുതി വകുപ്പ്, എക്സൈസ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് നിലവിൽ വന്നുകഴിഞ്ഞു.

## വിൽപ്പന നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പരിശോധനാ നടപടി

151 (4142) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ നികുതി വെട്ടിപ്പ് തടയാനായി ഇറക്കുമതി ഫർണിച്ചർ വില്പന സ്ഥാപനങ്ങൾ, കാർ ഉപകരണ വില്പന സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ എത്ര സ്ഥാപനങ്ങളിൽ വില്പന നികുതി വകുപ്പ് പരിശോധനകൾ നടത്തിയിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം എന്നും എത്ര യുകയുടെ ക്രമക്കേടുകളും വെട്ടിപ്പും കണ്ടെത്തിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ :

(സി) നികുതി വകുപ്പ് നടപ്പ് വർഷം നാളിതുവരെ എത്ര സ്വർണ്ണ വിപണന കേന്ദ്രങ്ങൾ പരിശോധിച്ചുവെന്നും എന്തെങ്കിലും ക്രമക്കേടുകളോ, നികുതി വെട്ടിപ്പോ കണ്ടെത്തിയോ എന്നും വ്യക്തമാക്കുമോ; എത്ര യുകയുടെ നികുതി വെട്ടിപ്പാണ് ഇത്തരത്തിൽ കണ്ടെത്തിയത്; ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്വർണ്ണ വിപണന കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ബ്രാൻഡഡ് ഉൾപ്പെടെയുള്ള വിവിധ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വിലയെക്കാൾ കൂടുതൽ യുക വിലയായി പ്രിന്റ് ചെയ്ത് പല വിലകളിൽ കച്ചവടം നടത്തി ഉപഭോക്താക്കളെ കബളിപ്പിക്കുന്നതും ഇതിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പും കണ്ടെത്തി തടയുവാൻ എന്ത നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ ബ്രാന്റഡ് ഉല്പന്ന വിപണനത്തിലൂടെ നികുതി വെട്ടിപ്പ് നടത്തിയതിൻമേൽ നടപ്പു വർഷം നാളിതുവരെ എത്ര യുക പിഴയിനത്തിൽ ഈടാക്കി?

## ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ നികുതി വെട്ടിപ്പ് തടയാനായി വിവിധ മേഖലകളിലെ '283' സ്ഥാപനങ്ങളിൽ വാണിജ്യ നികുതി വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. പ്രഥമദൃഷ്ട്യാ 1404.52 ലക്ഷം രൂപയുടെ ക്രമക്കേട് കാണുകയുണ്ടായി. കട പരിശോധനാ റിപ്പോർട്ട്, വ്യാപാരികളുടെ കണക്കുമായി ഒത്തുനോക്കി പരിശോധിച്ചതിന് ശേഷം മാത്രമേ യഥാർത്ഥ നികുതി വെട്ടിപ്പും അതിന്റെ സ്വഭാവവും വെട്ടിപ്പിലടങ്ങിയിരിക്കുന്ന Turnover-ഉം പൂർണ്ണമായും മനസ്സിലാക്കാൻ സാധിയ്ക്കുകയുള്ളൂ. രജിസ്റ്ററുകളുടെ പരിശോധന നടന്നുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) സ്വർണ്ണ വിപണന കേന്ദ്രങ്ങളിലെ പരിശോധന റിപ്പോർട്ട് ജില്ല തിരിച്ച് ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ബ്രാന്റഡ് ഉല്പന്നങ്ങളുടെ വില MRP-യേക്കാൾ കൂടുതൽ യുകയ്ക്ക് വിൽക്കുന്നതായി വാണിജ്യ നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly